

കൊരട്ടി പൊങ്ങത്തുള്ള നൈപുണ്യ കോളജിനു ലഭിച്ച ദേശീയ അംഗീകാരമായ നാക് അക്രഡിറ്റേഷൻ - ബി പ്ലസ് പ്ലസ് - സർട്ടിഫിക്കറ്റ് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറി പ്രഫ. രാജൻ വർഗീസിൽനിന്നു കോളജ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോളച്ചൻ കൈതോട്ടുങ്ങൽ, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോയ് ജോസഫ് പുതുശേരി എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു. പ്രഫ. എമിലി ഇട്ടിയച്ചൻ, ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, ബിഷപ്പുമാരായ മാർ ജോസ് പുത്തൻവീട്ടിൽ, മാർ തോമസ് ചക്യത്ത്, മാർ ജേക്കബ് മനത്തോടത്ത്, ഹോർമിസ് തരകൻ, ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ഫാ. സജി പീറ്റർ എന്നിവർ സമീപം.

# 'നാക്' അംഗീകാരനിറവിൽ നൈപുണ്യ കോളജ്

കൊച്ചി: കൊരട്ടി പൊങ്ങത്തുള്ള നൈപുണ്യ കോളജിനു (നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി-നിമിറ്റ്) വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ അടിസ്ഥാനമാക്കിയുള്ള ദേശീയ അംഗീകാരമായ നാക് അക്രഡിറ്റേഷൻ (ബി പ്ലസ് പ്ലസ്) സമ്മാനിച്ചു. കോളജ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സെക്രട്ടറിയും എംജി സർവകലാശാല മുൻ വൈസ് ചാൻസലറുമായ പ്രഫ. രാജൻ വർഗീസാണു സർട്ടിഫിക്കറ്റ് കൈമാറിയത്.

ആർട്സ് ആൻഡ് സയൻസ് വിഭാഗത്തിൽ സ്വാശ്രയമേഖലയിൽ ബി പ്ലസ് പ്ലസ് നേടുന്ന പ്രഥമ കോളജാണു നൈപുണ്യ. ഇതിലൂടെ യുജിസി, റൂസ എന്നീ ദേശീയ ഏജൻസികളിൽനിന്നുള്ള ധനസഹായങ്ങളും പദ്ധതികളും പിന്തുണയും കോളജിനു ലഭിക്കും.

വിദ്യാർഥികൾക്കു സ്കോളർഷിപ്പുകൾ, ദേശീയ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ, പ്രോജക്ടുകൾ എന്നിവയും ഇനി കൂടുതലായി കോളജിൽ നടക്കും.

അധ്യാപകർക്കു പിഎച്ച്ഡി നേടാൻ ആനുകൂല്യത്തോടെയുള്ള അവധികളും ലഭിക്കും. അഞ്ചു വർഷമാണ് അംഗീകാരത്തിന്റെ കാലാവധി.

എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള നൈപുണ്യ കോളജിൽ 1400 ഓളം വിദ്യാർഥികൾ വിവിധ കോഴ്സുകളിൽ പഠിക്കുന്നുണ്ട്. ശ്രദ്ധേയമായ രീതിയിൽ പ്രവർത്തിക്കുന്ന നൈപുണ്യയുടെ വളർച്ചയിൽ നാക് അംഗീകാരം പുതിയ കുതിപ്പാകുമെന്നു സമ്മേളനം ഉദ്ഘാടനം ചെയ്ത മുൻ ഡിജിപി ഹോർമിസ് തരകൻ പറഞ്ഞു. അതിരൂപത മുൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും പാലക്കാട് ബിഷപ്പുമായ മാർ ജേക്കബ് മനത്തോടത്ത് അധ്യക്ഷത വഹിച്ചു.

എറണാകുളം-അങ്കമാലി അതിരൂപതയ്ക്കും കേരളസഭയ്ക്കും അഭിമാനർഹമാകുന്ന ഉന്നത നിലവാരത്തിലേക്ക് നൈപുണ്യ കോളജ് വളർന്നത് വിദ്യാഭ്യാസ മേഖയ്ക്കു പുതിയ പ്രചോദനമാകുമെന്നു മാർ മനത്തോടത്ത് പറഞ്ഞു. ബിഷപ്പുമാരായ മാർ തോമസ് ചക്യത്ത്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, മാർ ജോസ് പുത്തൻവീട്ടിൽ എന്നിവർ സന്ദേശം നൽകി.

നൈപുണ്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഡോ. പോളച്ചൻ കൈതോട്ടുങ്ങൽ, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോയ് ജോസഫ് പുതുശേരി എന്നിവർ ചേർന്നു നാക് അക്രഡിറ്റേഷൻ സർട്ടിഫിക്കറ്റ് പ്രഫ. രാജൻ വർഗീസിൽനിന്ന് ഏറ്റുവാങ്ങി.

മുൻ ഡയറക്ടർമാരായ ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, ഫാ. സജി പീറ്റർ, വൈസ് പ്രിൻസിപ്പൽ പ്രഫ. എമിലി ഇട്ടിയച്ചൻ എന്നിവർ പ്രസംഗിച്ചു. സംഗീത സന്ധ്യയും ഉണ്ടായിരുന്നു.


**നഷ്ടപ്പെട്ടു**

എന്റെ പേരിലുള്ള KL- 42 F 5464 -ാം നമ്പർ ആപ്പ ഗുഡ്സ് വാഹനത്തിന്റെ ആർ.സി.ബുക്ക് യാത്രാമധ്യേ ചെറായിക്കും കുഴുപ്പിള്ളിക്കുമിടയിൽ നഷ്ടപ്പെട്ടു. കിട്ടുന്നവർ ശശീന്ദ്രൻ പി.പി., പഴമ്പിള്ളി വീട്, ചെറുവൈപ്പ്, അയ്യമ്പിള്ളി പി.ഒ., പിൻ 682501 എന്ന വിലാസത്തിൽ അറിയിക്കുക.

E1008-405488

**അറിയിപ്പ്**

എന്റെ പേരിലുള്ള കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ MSc Certificate (Reg No 55240009 May 2006) നഷ്ടപ്പെട്ടു. കിട്ടിയിട്ടുള്ളവർ 15 ദിവസത്തിനകം അറിയിക്കേണ്ടതാണ് അല്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്. എന്ന്